"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട ഊട്ടുപാറ സെന്റ് ജോർജ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ശ്രീ. പത്മകുമാർ കെ.-യുടെ നിയമനാംഗീകാരം - മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2172/2025/GEDN തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-

1. പത്തനംതിട്ട ഊട്ടുപാറ സെന്റ് ജോർജ് ഹൈസ്കൂളിലെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി.
2. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08/10/2024-ലെ DEOPTA/1520/2024-B6 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/10/2024-ലെ ഇ.റ്റി3/18305/2024/ഡിജിഇ നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17/10/2024-ലെ DDEPTA/3257/2024-B4 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ഊട്ടുപാറ സെന്റ് ജോർജ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ശ്രീ. പത്മകുമാർ കെ.-യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 18/10/2024-ന് കേൾക്കുകയുണ്ടായി.

**2.ഹിയറിംഗ് വേളയിലെ ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-**

"ശ്രീ. പത്മകുമാറിന് താഴെ പറയും വിധം ടി സ്കൂളിൽ അംഗീകൃത സേവനം ഉണ്ട്. 01/06/1998 മുതൽ 31/12/2002 വരെ എച്ച്.എസ്.ടി (പി.എസ്) 15/07/2021 മുതൽ യു.പി.എസ്.ടി. അതുപ്രകാരം ടിയാൾ 31/12/2002 എച്ച്.എസ്.ടി (പി.എസ്) ഒരു R51A അവകാശിയും 15/07/2021 മുതൽ എച്ച്.എസ്.ടി (പി.എസ്) ഒരു R43 അവകാശിയുമാണ്. ടിയാളുടെ നിയമനാംഗീകാരത്തിനായി സമർപ്പിച്ച റിവിഷൻ പെറ്റീഷൻ താഴെ പറയും വിധം ഡി.ജി.ഇ നിരസിച്ചു.

"ടിയാൾക്ക് 01/06/98 മുതൽ 31/12/2022 വരെ എച്ച്.എസ്.ടി (പി.എസ്) ആയും, 15/07/21 മുതൽ യു.പി.എസ്.ടി ആയും അംഗീകാരമുണ്ട്. 09/03/18 -ലെ സർക്കുലർ 1866829/J3/17/പൊ.വി.വ പ്രകാരം 31/03/12-ന് മുൻ സേവനത്തിൽ പ്രവേശിച്ച

അധ്യാപക/അനധ്യാപകർക്ക് മാത്രമേ സ്ഥാനക്കയറ്റ നിയമനം ലഭിക്കുമ്പോൾ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവുള്ളൂ. ടിയാളുടെ സേവനം 31/12/2002 മുതൽ അവസാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ഉദ്യോഗ കയറ്റ നിയമനത്തിൽ കെ-ടെറ്റ് ഇളവ് അനുവദിക്കാവുന്നതായി കാണുന്നില്ല. കെ-ടെറ്റ് കാറ്റഗറി-III യോഗ്യതയുമില്ല. "

ഈ നിരീക്ഷണം താഴെ പറയുന്ന വസ്തുതകളുമായി താരതമ്യപ്പെടുമ്പോൾ നിലനിൽക്കുന്നതല്ല.

a) പത്മകുമാർ 31/12/02-ൽ എച്ച്.എസ്.ടി.-യിൽ R51A അവകാശിയാണ്. അവകാശ സീനിയോറിറ്റി 01/06/98 -ൽ തുടങ്ങുന്നു.

b) സ.ഉ.(പി)നം.294/12/Gedn തീയതി 20/09/12 പ്രകാരം ടിയാളെ കെ-ടെറ്റ് പാസാകുന്നതിൽ നിന്നും ഒഴിവാക്കാം.

ടി ഉത്തരവിൽ താഴെ പറയും പ്രകാരം പ്രതിപാദിക്കുന്നു.

" Also the claimants under R51 A & R51 B ch XIV A KER as on 4/7/12 were exempted from acquiring K. Tet". ഇവിടെ പത്മകുമാർ 31/12/02 -ൽ R 51 A അവകാശിയാണ്. ഇത് Dept. ഓഫീസുകൾക്ക് ബോധ്യമാകാത്തതിനാലായിരിക്കാം നിരസിച്ചത്. ടി സർക്കാർ ഉത്തരവിൽ 04/07/12 -ലെ R 51 B അവകാശികൾക്കുപോലും കെ-ടെറ്റ് ഒഴിവാക്കിയിട്ടുണ്ട്. പത്മകുമാർ R 51 A അവകാശിയാണ്. കെ.ഇ.ആർ അധ്യായം XIV A പ്രകാരം മുൻഗണന R 51 A -കാർക്കാണ്. അതു കഴിഞ്ഞു മാത്രമേ R 51 B -കാർക്ക് അവകാശമുള്ളൂ. സേവനത്തിൽ ഇരുന്ന് മരിച്ചുപോയവരുടെ ആശ്രിതർ എന്നല്ലാതെ, യാതൊരു മുൻകാല സേവനവും ഇവർക്കില്ല. 04/07/12 -ൽ ഉള്ള ഇവർക്ക് കെ-ടെറ്റ് വേണ്ട. മുൻകാല എച്ച്.എസ്.ടി സേവനമുള്ള ശ്രീ. പത്മകുമാറിന് കെ-ടെറ്റ് വേണമെന്നുള്ള കാഴ്ചപ്പാട് നിലനിൽക്കുന്നതല്ല.

സർക്കുലർ നം. 1866829/J3/17/പൊ.വി.വ തീയതി 09/03/18 ഖണ്ഡിക 5 പ്രകാരം 31/03/12 -ന് മുമ്പ് സേവനത്തിൽ പ്രവേശിച്ചവർക്കും കെ-ടെറ്റ് വേണ്ട. പത്മകുമാർ 01/06/1998 -ൽ പ്രവേശിച്ച ആളാണ്. മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പത്മകുമാറിനെ കെ-ടെറ്റ് -III -യിൽ നിന്നും ഒഴിവാക്കി ടിയാളെ എച്ച്.എസ്.ടി (പി.എസ്) നിയമനം 01/06/22 മുതൽ അംഗീകരിക്കാൻ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു."

**3.വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്:-**

"ഊട്ടുപാറ സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ ഹൈസ്കൂൾ വിഭാഗം ഫിസിക്കൽ സയൻസ് അധ്യാപികയായിരുന്ന ശ്രീമതി മിനു ആനി ഡേവിഡിന് 01.06.2022 പ്രാബല്യം മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീ. പത്മകുമാർ കെ.-യെ മാനേജർ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ശ്രീമതി മിനു ആനി ഡേവിഡ് മുൻപ് ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീ. പത്മകുമാർ 01.06.1998 മുതൽ 31.12.2002 വരെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നു. ടി നിയമനം ഉത്തരവ് നമ്പർ ബി6/15560/2000/കെ.ഡിസ് തീയതി 19.01.2001 പ്രകാരം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച

നൽകിയിട്ടുള്ളതാണ്. പിന്നീട് 15.07.2021 പ്രാബല്യം മുതൽ ശ്രീ. പത്മകുമാറിനെ മാനേജർ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചു. ടിയാന് കെ-ടെറ്റ് യോഗ്യത ഇല്ലായിരുന്നുവെങ്കിലും 25.07.2012-ലെ സർക്കാർ ഉത്തരവ് (പി)244/12/പൊ.വി.വ പ്രകാരം 25/07/2012 മുൻപുള്ള 51എ അവകാശികൾക്ക് അധ്യാപക തസ്തികയിൽ നിയമനത്തിന് കെ-ടെറ്റ് യോഗ്യതയിൽ ഇളവുള്ളതിനാൽ ശ്രീ. പത്മകുമാർ കെ.-യുടെ 15.07.2021 പ്രാബല്യം മുതലുള്ള യു.പി.എസ്.ടി നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബി6/24486/2021 തീയതി 29/10/2022 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിരുന്നു. എന്നാൽ 09.03.2018 തീയതിയിലെ 1866829/ ജെ3/17/പൊ.വി.വ സർക്കുലർ പ്രകാരം 31.03.2012-നു മുൻപ് സേവനത്തിൽ പ്രവേശിച്ച അധ്യാപക/അനധ്യാപകർക്ക് മാത്രമേ സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് അനുവദിക്കപ്പെട്ടിട്ടുള്ളൂ എന്ന കാരണത്താൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് ടിയാന് കെ-ടെറ്റ് ഇളവ് അനുവദിക്കാവുന്നതായി കാണുന്നില്ല എന്നതിനാലും ശ്രീമതി മിനു ആനി ഡേവിഡിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് സ്ഥിരീകരിക്കപ്പെട്ടിരുന്നില്ല എന്നതിനാലും, ശ്രീ. പത്മകുമാറിന്റെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലെ 01.06.2022 പ്രാബല്യം മുതലുള്ള നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബി6/37011/2022 തീയതി 03/04/2023 പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ മാനേജർ അപ്പീൽ നൽകിയെങ്കിലും ഉത്തരവ് നമ്പർ ബി4/219370/2023 തീയതി 15/07/2023 പ്രകാരം അപ്പീൽ നിരസിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നൽകിയിരുന്നുവെങ്കിലും ഉത്തരവ് നമ്പർ ET3/241034/2023 തീയതി 16/05/2024 പ്രകാരം അപ്പീൽ നിരസിച്ചിരുന്നു എന്നു റിപ്പോർട്ട് ചെയ്യുന്നു.

ശ്രീമതി മിനു ആനി ഡേവിഡിന്റെ പ്രഥമാധ്യാപിക തസ്തികയിലെ 01.06.2022 പ്രാബല്യം മുതലുള്ള നിയമനം പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ ബി6/37080/2022 തീയതി 16/06/2023 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ശ്രീ. പത്മകുമാറിന്റെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിനാവശ്യമായ ഒഴിവ് സ്ഥാപിതമാണ്."

**4.മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.** പത്തനംതിട്ട ജില്ലയിൽ ഊട്ടുപാറ സെന്റ് ജോർജ് ഹൈസ്കൂളിലെ എച്ച്.എസ്.ടി ശ്രീ. പത്മകുമാറിന്റെ 01/06/2022 മുതലുള്ള സ്ഥാനക്കയറ്റ നിയമനം കെ-ടെറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

5.ഊട്ടുപാറ സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ ഹൈസ്കൂൾ വിഭാഗം ഫിസിക്കൽ സയൻസ് അധ്യാപികയായിരുന്ന ശ്രീമതി മിനു ആനി ഡേവിഡിന് 01.06.2022 പ്രാബല്യം മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീ. പത്മകമാർ കെ.-യെ മാനേജർ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ശ്രീമതി മിനു ആനി ഡേവിഡിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് സ്ഥിരീകരിക്കപ്പെട്ടിരുന്നില്ല. ശ്രീമതി മിനു ആനി ഡേവിഡ് മുൻപ് ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീ. പത്മകുമാർ 01.06.1998 മുതൽ 31.12.2002 വരെ

എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നു. ടി നിയമനം ഉത്തരവ് നമ്പർ ബി6/15560/2000/കെ.ഡിസ് തീയതി 19.01.2001 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. 15.07.2021 പ്രാബല്യം മുതൽ ശ്രീ. പത്മകുമാറിനെ മാനേജർ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചിട്ടുണ്ട്. ടിയാൻ കെ-ടെറ്റ് യോഗ്യത നേടിയിരുന്നില്ല. 25.07.2012-ലെ സർക്കാർ ഉത്തരവ് (പി) 244/12/പൊ.വി.വ പ്രകാരം 25/07/2012 മുൻപുള്ള 51എ അവകാശികൾക്ക് അധ്യാപക തസ്തികയിൽ നിയമനത്തിന് കെ-ടെറ്റ് നിർബന്ധിത യോഗ്യതയല്ല. ആയതിനാൽ ടിയാന് കെ-ടെറ്റ് യോഗ്യതയിൽ ഇളവുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പത്മകുമാർ കെ.-യുടെ 15.07.2021 പ്രാബല്യം മുതലുള്ള യു.പി.എസ്.ടി നിയമനം ഉത്തരവ് നമ്പർ ബി6/24486/2021 തീയതി 29/10/2022 പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

6.മേൽ പ്രകാരം യു.പി.എസ്.ടി നിയമനം അംഗീകരിച്ചതോടു കൂടി ടിയാൻ ചട്ടം 43 അവകാശിയായി മാറിയിട്ടുണ്ട്. എന്നാൽ 09.03.2018 നമ്പർ 1866829/ ജെ3/17/പൊ.വി.വ സർക്കുലർ പ്രകാരം 31.03.2012-നു മുൻപ് സേവനത്തിൽ പ്രവേശിച്ച അധ്യാപക/അനധ്യാപകർക്ക് മാത്രമേ സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് അനുവദിക്കപ്പെട്ടിട്ടുള്ളൂ. ആയതിനാൽ ശ്രീ. പത്മകുമാറിന്റെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലെ 01.06.2022 പ്രാബല്യം മുതലുള്ള നിയമനം വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയുണ്ടായി. 01/01/2003 മുതൽ 14/07/2021 വരെ ടിയാൻ ഒരു തസ്തികയിലും സേവനമനുഷ്ഠിച്ചിട്ടില്ല. 15/07/2021 മുതൽ മാത്രമാണ് UPST നിയമനം നൽകിയിട്ടുള്ളത്.

7.ശ്രീമതി. മിനു ആനി ഡേവിഡിന്റെ പ്രഥമാധ്യാപിക തസ്തികയിലെ 01.06.2022 പ്രാബല്യം മുതലുള്ള നിയമനം പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും ശ്രീ. പത്മകുമാറിന്റെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിനാവശ്യമായ ഒഴിവ് സ്ഥാപിതമാണ് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 09.03.2018 നമ്പർ 1866829/ജെ3/17/പൊ.വി.വ സർക്കുലർ പ്രകാരം 31.03.2012-നു മുൻപ് സേവനത്തിൽ പ്രവേശിച്ച അധ്യാപക/അനധ്യാപകർക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. പത്മകുമാറിന്റെ 01.06.1998 മുതൽ 31.12.2002 വരെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലേയും 15.07.2021 പ്രാബല്യം മുതൽ യു.പി.എസ്.ടി തസ്തികയിലേയും നിയമനം അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ശ്രീ. പത്മകുമാറിന്റെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലെ 01/06/2022 മുതലുള്ള സ്ഥാനക്കയറ്റ നിയമനം 51A അവകാശം മുൻ നിർത്തി കെ-ടെറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി അംഗീകരിച്ചു നൽകാവുന്നതാണ്.

8.മേൽ സാഹചര്യത്തിൽ ശ്രീ. പത്മകുമാറിന്റെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലെ 01/06/2022 മുതലുള്ള സ്ഥാനക്കയറ്റ നിയമനം 51A അവകാശം മുൻ നിർത്തി കെ-ടെറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9.മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

മാനേജർ, സെന്റ് ജോർജ്ജ് ഹൈസ്കൂൾ, ഊട്ടുപാറ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോന്നി.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (ജെ.എ3/666/2024/പൊവിവ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/114/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 22-03-2025 09:52:08
സെക്ഷൻ ഓഫീസർ